**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3449** **26-10-2021 - ൽ മറുപടിയ്ക്ക്**

**തരിശുനിലങ്ങൾ ഉപയോഗ യോഗ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള തരിശുനിലത്തിൽ എത്ര ഏക്കർ സർക്കാർ വകയെന്നും എത്ര ഏക്കർ സ്വകാര്യ കർഷകരുടേതെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള തരിശുനിലത്തിൽ എത്ര ഏക്കർ സർക്കാർ വകയെന്നും എത്ര ഏക്കർ സ്വകാര്യ കർഷകരുടേതെന്നും കൃഷി വകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല. ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ പൊതുവായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് കൃഷിവകുപ്പ് ചെയ്തു വരുന്നത്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ ലഭ്യമാക്കിയും കൃഷിഭവൻ മുഖാന്തിരം സാങ്കേതികസഹായങ്ങൾ നൽകിയും കൃഷി ആദായകരമാക്കുന്നതിനുള്ള എല്ലാ പ്രവർത്തന ങ്ങളും നടത്തുന്നുണ്ട്. കോവിഡ്-19 സാഹചര്യ ത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കു ന്നതിന് "സുഭിക്ഷകേരളം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കൃഷിയുക്തമായ മുഴുവൻ തരിശു നിലങ്ങളും കണ്ടെത്തി അതിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. തരിശ് കൃഷി ചെയ്യുന്നതിന് കർഷകരെ ആകർഷിക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനും ഉയർന്ന നിരക്കിലുള്ള സബ്സിഡിയും കർഷകർക്ക് നൽകുന്നു. കൃഷിഭൂമി മറ്റ് സംരംഭങ്ങൾക്ക് ഉപയുക്തമാക്കുന്നത് കൃഷി വകുപ്പിന്റെ നയത്തിൽ ഉൾപ്പെടുന്നില്ല. |
| (ബി) | കൃഷി ആദായകരമല്ലാത്ത അവസ്ഥയിൽ മറ്റ് സംരംഭങ്ങൾക്ക് കൃഷി ഭൂമി ഉപയുക്തമാക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിലവിലുള്ള തരിശുനിലത്തിൽ എത്ര ഏക്കർ സർക്കാർ വകയെന്നും എത്ര ഏക്കർ സ്വകാര്യ കർഷകരുടേതെന്നും കൃഷി വകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല. ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ പൊതുവായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് കൃഷിവകുപ്പ് ചെയ്തു വരുന്നത്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ ലഭ്യമാക്കിയും കൃഷിഭവൻ മുഖാന്തിരം സാങ്കേതികസഹായങ്ങൾ നൽകിയും കൃഷി ആദായകരമാക്കുന്നതിനുള്ള എല്ലാ പ്രവർത്തന ങ്ങളും നടത്തുന്നുണ്ട്. കോവിഡ്-19 സാഹചര്യ ത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കു ന്നതിന് "സുഭിക്ഷകേരളം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കൃഷിയുക്തമായ മുഴുവൻ തരിശു നിലങ്ങളും കണ്ടെത്തി അതിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. തരിശ് കൃഷി ചെയ്യുന്നതിന് കർഷകരെ ആകർഷിക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനും ഉയർന്ന നിരക്കിലുള്ള സബ്സിഡിയും കർഷകർക്ക് നൽകുന്നു. കൃഷിഭൂമി മറ്റ് സംരംഭങ്ങൾക്ക് ഉപയുക്തമാക്കുന്നത് കൃഷി വകുപ്പിന്റെ നയത്തിൽ ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ